## പതിമൂന്നാം കേരളനിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2714

19.6.2014 ലെ മറുപടിക്ക്

### ദിവസവേതനാടിസ്ഥാനത്തിലുള്ള അദ്ധ്യാപകരുടെ വേതനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ബെന്നി ബെഹനാൻ<br>" തേറമ്പിൽ രാമകൃഷ്ണൻ<br>" ജോസഫ് വാഴക്കൻ<br>" കെ.ശിവദാസൻ നായർ | | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(ബഹു.വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) | ദിവസവേതനാടിസ്ഥാനത്തിലുള്ള അദ്ധ്യാപകരുടെ വേതന നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | വേതന നിരക്ക് സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ ; | (ബി) | 6.9.2011 ലെ ജി.ഒ(പി) 189/11/പൊവിവ നമ്പർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രസ്തുത ആനുകൂല്യങ്ങൾക്ക് എന്നുമുതലാണ് പ്രാബല്യമുള്ളത്; | (സി) | 1.6.2011 മുതൽ. |
| (ഡി) | എത്ര കാലയളവിൽ കുറവുള്ള ഒഴിവുകളിലേയ്ക്കാണ് ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപക നിയമനം നടത്തുന്നത്; വിശദമാക്കുമോ ; | (ഡി) | അതാതു കാലയളവുകളിൽ സർക്കാർ പുറപ്പെടുവിക്കുന്ന നിബന്ധനകൾക്ക് വിധേയമായി ഒരു അക്കാദമിക വർഷത്തിൽ കുറവുള്ള ഒഴിവുകളിലേയ്ക്കാണ് ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപക നിയമനം നടത്തുന്നത്. |

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസം—ഗവൺമെന്റ് /എയ്ഡഡ് സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിലുള്ള അധ്യാപക നിയമനം—വേതന നിരക്ക് വർദ്ധിപ്പിച്ച്—ഉത്തരവാകുന്നു

പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്

ജി. ഒ. (പി) നമ്പർ 189/11/പൊ.വി.വ. തിരുവനന്തപുരം, 2011 സെപ്റ്റംബർ 6.

പരാമർശം:— 1. സ. ഉ. (പി) നമ്പർ 249/2/പൊ.വി. തീയതി 14-8-2002.

2. സ. ഉ. (പി) നമ്പർ 1/5/പൊ.വി. തീയതി 1-1-2005.

3. സ. ഉ. (പി) നമ്പർ 80/7/പൊ.വി. തീയതി 19-4-2007.

4. സ. ഉ. (പി) നമ്പർ 56/11/പൊ.വി. തീയതി 26-2-2011.

## ഉത്തരവ്

സൂചന ഒന്നിലെ സർക്കാർ ഉത്തരവുപ്രകാരം സർക്കാർ സ്കൂളുകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചു. സർക്കാർ സ്കൂളുകളിലെ ദിവസവേതനനിരക്ക് എയ്ഡഡ് സ്കൂളുകൾക്കും ബാധകമാക്കി സൂചന രണ്ട് പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിതരാകുന്ന ഹൈസ്കൂൾ അധ്യാപകന് 250 രൂപയും, പ്രൈമറി സ്കൂൾ അസിസ്റ്റന്റിന് 200 രൂപയുമാണ് സൂചന മൂന്നിലെ ഉത്തരവുപ്രകാരം നിശ്ചയിച്ചിട്ടുള്ളത്. നിലവിൽ എയ്ഡഡ് സ്കൂളുകളിൽ 6 മാസത്തിൽ കുറവായ ഒഴിവുകളിലേക്കാണ് ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നത്.

(2) ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്യുന്ന അധ്യാപകരുടെ വേതനനിരക്ക് വർദ്ധിപ്പിച്ചു നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിരവധി നിവേദനങ്ങൾ സർക്കാരിൽ ലഭിക്കുകയുണ്ടായി. ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. ആയതിന്റെ

GCPT./3/3484/2011/DTP.

അടിസ്ഥാനത്തിൽ പാർട്ട്-ടൈം അദ്ധ്യാപകർക്ക് ആഴ്ചയിൽ പരമാവധി മൂന്നു ദിവസം എന്ന് നിജപ്പെടുത്തിക്കൊണ്ട് ദിവസവേതനാടിസ്ഥാനത്തിൽ സർക്കാർ/എയ്ഡഡ് സ്കൂളു കളിൽ നിയമിതരാകുന്ന ഹൈസ്കൂൾ അസിസ്റ്റന്റിന് ദിവസവേതനം 250 രൂപയിൽ നിന്ന് 500 രൂപയായും, പ്രൈമറി സ്കൂൾ അസിസ്റ്റന്റിന് 200 രൂപയിൽനിന്നും 400 രൂപ യായും വർദ്ധിപ്പിച്ച് ഉത്തരവാകുന്നു.

(3) പൊതുവിദ്യാഭ്യാസ വകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിതരാകുന്ന പാർട്ട്-ടൈം മീനിയലിന് 180 രൂപ നിശ്ചയിച്ചുകൊണ്ടും ഉത്തരവാകുന്നു. ഈ ഉത്തരവിന് 1-6-2011 മുതൽ മുൻകാലപ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

എം. ശിവശങ്കർ,
*സെക്രട്ടറി.*

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും, ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും, ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും } പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം

ഡയറക്ടർ, വിവരപൊതുജന സമ്പർക്ക വകുപ്പ്

ഡയറക്ടർ, ഐ.ടി. @ സ്കൂൾ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.